<u>പത്രക്കുറിപ്പ്</u>

## <u>കുറ്റക്കാർക്കെതിരെ മുഖം നോക്കാതെ നടപടി</u>

തിരുവനന്തപുരം: കഴിഞ്ഞ ദിവസങ്ങളിൽ നഗരത്തിൽ അരങ്ങേറിയ അക്രമപരമ്പരകളിൽ പ്രതികളായിട്ടുള്ളവർക്കെതിരെ മുഖം നോക്കാതെ നടപടിയെന്ന് സിറ്റി പോലീസ് കമ്മീഷണർ.

അക്രമങ്ങൾ നടന്നയുടനെ തന്നെ എത്രയും പെട്ടെന്ന് പ്രതികളെ പിടികൂടണമെന്ന് കമ്മീഷണർ കർശനനിർദ്ദേശം നല്കിയതിനെ തുടർന്ന് പോലീസ് നടത്തിയ ഊർജ്ജിത അന്വേഷണത്തിന്റെ ഫലമായി സി.പി.എം ജില്ലാ കമ്മറ്റി ഓഫീസ് ആക്രമിച്ച ബി.ജെ.പി യുടെ സജീവ പ്രവർത്തകരായ വിനോദ്കുമർ(43), വിഷ്ണു(27), ഗിരീഷ്കുമാർ(44), വിനുകുമാർ(39), കിരൺ(24), അഭിജിത്(20), രാജു(30) എന്നിവരെ തമ്പാനൂർ സി.ഐ യുടെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തിട്ടുണ്ട്. മണക്കാട് കുര്യാത്തിയിൽ കൊടിമരങ്ങൾ നശിപ്പിക്കുവാൻ ശ്രമിച്ച ഡി.വൈ.എഫ്.ഐ പ്രവർത്തകരായ രാഹുൽ(18), സൂര്യ(19), മനു(21), അഖിൽ(21), സുർജിത്(18), അനന്തു(20) എന്നിവരെ ഫോർട്ട് എസ്സ്.ഐ യുടെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തിട്ടുണ്ട്. അനിഷ്ടസംഭവങ്ങളിലെ മറ്റ് പ്രതികൾക്കായി ശക്തമായ തിരച്ചിൽ തുടരുന്നതായും വരുംദിവസങ്ങളിൽ കൂടുതൽ അറസ്റ്റ് ഉണ്ടായേക്കുമെന്നും തുടർന്നും ഇത്തരം അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പോലീസ് ശക്തമായ പട്രോളിംഗ് തിരുവനന്തപുരം സിറ്റിയിൽ ഉടനീളം ഏർപ്പെടുത്തിയിട്ടുണ്ടെന്നും സിറ്റി പോലീസ് കമ്മീഷണർ പി. പ്രകാശ് അറിയിച്ചു.

OFFICE OF THE DISTRICT POLICE CHIEF ✶ THIRUVANANTHAPURAM CITY
Government of Kerala

P. PRAKASH IPS
District Police Chief
Thiruvananthapuram City